DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

03-05--2021

# കാർഷികമേഖലാവാർത്തകൾ

## തേനീച്ചവളർത്തലിൽഓൺലൈൻ പരിശീലനം

തേനീച്ചവളർത്തലിൽറബ്ബർബോർഡ്മെയ് 04-ന് രാവിലെ 10.30 മുതൽഉച്ചയ്ക്ക് 12.30 വരെഓൺലൈൻ പരിശീലനം നടത്തുന്നു. ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത കേരളീയർക്ക് പരിശീലനഫീസ്119രൂപ ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ളകേരളീയർക്കുംകേരളത്തിന് പുറത്തുള്ളവർക്കും118രൂപ ആയിരിക്കും ഫീസ്. 2021 മെയ് 03 ന് വൈകിട്ട് 5.00 മണിവരെരജിസ്റ്റർചെയ്യാം.ആദ്യംരജിസ്റ്റർചെയ്യുന്ന 200 പേർക്കായിരിക്കും പ്രോഗ്രാം ലിങ്ക് ലഭിക്കുക. പരിശീലനം സംബന്ധിച്ച കൂടുതൽവിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

## അറിയിപ്പ്

കോട്ടയംജില്ലയിലെ പ്രാദേശികകോഴിവളർത്തൽകേന്ദ്രം മണർകാട് നിന്നുംഎല്ലാ ബുധൻ, ശനി ദിവസങ്ങളിൽഒരുദിവസം പ്രായമായ ഗ്രാമശ്രീ പിടക്കുഞ്ഞിനെ 22 രൂപയ്ക്കും പൂവൻ കുഞ്ഞിനെ 10 രൂപയ്ക്കുംവിതരണംചെയ്യുന്നതായിഅസിസ്റ്റന്റ്ഡയറക്ടർഅറിയിച്ചു.

ബുക്കിങ്ങിനായി ബന്ധപ്പെടേണ്ട നമ്പർ 8301897710, 0481-2373710

## പയർവിത്തുകൾലഭ്യമാണ്

പട്ടാമ്പി പ്രാദേശികകാർഷികഗവേഷണകേന്ദ്രത്തിൽഅത്യുൽപാദനശേഷിയുള്ള വൻപയർ, ഉഴുന്നുവിത്തുകൾഎന്നിവലഭ്യമാണ്. ഒിലകിലോയ്ക്ക് 180 രൂപ. ഒരേക്കറിൽകൂടുതൽ പയർകൃഷിയിറക്കുന്നവരിൽ നിന്ന്വിത്തുകൾകിലോയ്ക്ക് 150 രൂപ വില നൽകിസംഭരിക്കും. കൂടുതൽവിവരങ്ങൾക്ക്9447837533 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ഗ്രാഫ്റ്റ്തൈകൾവിൽപ്പനയ്ക്ക്ലഭ്യമാണ്

ആലപ്പുഴ, മാവേലിക്കരജില്ലാകൃഷിത്തോട്ടത്തിൽ പ്ലാവ്, മാവ്, ഗ്രാഫ്റ്റ്തൈകൾ, ജാമ്പപ്പതി, പേര, ചെറിത്തൈകൾ പി.കെ.എം-1, മുരിങ്ങ തൈകൾതുടങ്ങിയവവിൽപ്പനയ്ക്ക്ലഭ്യമാണ്.

കൂടുതൽവിവരങ്ങൾക്ക്0479–2357690 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

വേനൽക്കാലത്തുജാതിയിൽഉണ്ടാകുന്ന പ്രധാന രോഗങ്ങൾ കായ്കൊഴിച്ചിലും കൊമ്പുണക്കവുംകരിംപൂപ്പ്രോഗവുമാണ്. അവയ്ക്കായുള്ളസംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ ഇനി പറയുന്നു.

രോഗം ബാധിച്ച ഇലകളുംകായ്കളും നശിപ്പിക്കുകയും ഉണങ്ങിയ കൊമ്പുകൾ വെട്ടി നശിപ്പിക്കുകയുംചെയ്ത്തോട്ടത്തിൽമുഴുവനായുംശുചിത്വം പാലിക്കുക. ജാതിയിൽകായ് പിടുത്തംകൂട്ടുന്നതിനും, കായ്കൊഴിച്ചിൽ തടയുന്നതിനും, കുമിൾരോഗബാധ നിയന്ത്രിക്കുന്ന

തിനുംസ്യൂഡോമോണാസ് ഫ്ളൂറാസൻസ് 20 ഗ്രാംഒരുലിറ്റർ വീര്യത്തിൽകായ്പിടുത്ത സമയത്ത്തളിച്ചുകൊടുക്കുക. 20 ഗ്രാംചാണകംഒരുലിറ്റർവെളളത്തിൽകലക്കിയലായനിയുടെതെളിയിൽ 20 ഗ്രാംസ്യൂഡോമോണാസ്ചേർത്ത്തളിയ്ക്കുന്നതിന് കൂടുതൽ ഫലപ്രദമാണ്. ജലസേചനം അത്യാവശ്യമുള്ളഒരുവിളയാണ്ജാതി.എന്നാൽവെള്ളംകെട്ടിനിർത്തിക്കൊണ്ടുള്ളജലസേചന രീതിക്കു പകരം തടങ്ങളിൽ നനവുറപ്പാക്കിക്കൊണ്ടുള്ള രീതിയിലൂടെ ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗപ്പെടുത്താനാകും. പൊട്ടാഷ്അഭാവമുള്ള മരങ്ങളിൽകൃത്യമായിവളപ്രയോഗം നടത്തുക. കരിംപൂപ്പ്രോഗങ്ങൾ കാണുന്ന ഇലകളിൽകഞ്ഞിവെള്ളംതളിക്കുക. ചെമ്പു കലർന്ന കുമിൾനാശിനികൾ ഉപയോഗിക്കുന്നത് രോഗനിയന്ത്രണത്തിന് ഫലപ്രദമാണ്.

## അറിയിപ്പ്

വേനലിൽവിളകൾക്ക്ജലലഭ്യതഉറപ്പാക്കുന്നതിനുള്ളക്യാപ്സൂൾ പട്ടാമ്പി കൃഷിവിജ്ഞാന കേന്ദ്രത്തിൽലഭ്യമാണ്. വിളകളുടെവേരുപടലത്തിലാണ്ക്യാപ്സൂൾ നിക്ഷേപിക്കുക. ഒരുഗ്രോബാഗിൽ 4 ക്യാപ്സൂൾവേണം. വാഴയ്ക്ക് 8, കമുകിന് 10, തെങ്ങ്, ജാതിഎന്നിവയ്ക്ക് 20, നനയ്ക്കാവശ്യമായി ജലത്തിന്റെഅളവ്കുറയ്ക്കാനുംരണ്ട്നനകൾ തമ്മിലുള്ള ഇടവേളകൂട്ടാനുംസഹായിക്കും.വിലഒരുക്യാപ്സൂളിന് 3 രൂപ. കൊറിയർചാർജ്ജ്അടക്കംഅയച്ചാൽ തപാലിൽലഭ്യമാകുന്നതാണ്. കൂടുതൽവിവരങ്ങൾക്ക്0476 2212279 എന്ന നമ്പരിൽ ബന്ധപ്പെടുക.

# അറിയിപ്പ്

കേരളകാർഷികസർവകലാശാലയുടെകീഴിലുള്ളകമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളുംസംസ്കരിച്ച് ഉപഭോക്താവിന്റെആവശ്യാനുസരണംവിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾകൊണ്ടുള്ളകൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾവിവിധ തരംഅച്ചാറുകൾ, ജാം, പഴംഹൽവ, ചില്ലിസോസ്, തക്കാളിസോസ്തുടങ്ങിയവിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെവാട്ടുകപ്പ പോലെ പഴം പച്ചക്കറികൾഉണക്കിസൂക്ഷിക്കേണ്ട
പ്രാഥമികസംസ്കരണവുംചെയ്തുകൊടുക്കുന്നുണ്ട്.